**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3311** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ താലൂക്കിലെ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ താലൂക്കിൽ എ.എ.വൈ., മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നീ വിഭാഗങ്ങളിലായി എത്ര റേഷൻ കാർഡുകളാണുള്ളതെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) | കാർഡ് ഇനം -- എണ്ണം എ.എ.വൈ - 5118<br>പി.എച്ച്.എച്ച് - 58593 എൻ.പി.എസ് - 26999<br>എൻ.പി.എൻ.എസ് - 32919 |
| (ബി) | പ്രസ്തുത താലൂക്കിൽ നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനായി ലഭ്യമായ 5556 അപേക്ഷകളിൽ 3343 അപേക്ഷകളിൽ ഹിയറിങ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 2213 അപേക്ഷകളിൽ ഹിയറിങ് നടത്താനുണ്ട്. |
| (സി) | അർഹരായ മുഴുവൻ അപേക്ഷകരുടേയും കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ